## അസർപ്പൂക്കൾ

## (നാലുമണിപ്പൂക്കൾ)

വിടർന്നു വിലസും നാലുമണിപ്പൂവേ,
വിരിയുന്നതെന്തെയീ അപരാഹ്നത്തിൽ,
വെള്ളയും മഞ്ഞയും ചോപ്പുമായ് നീ,
കണ്ണിൽ പ്രശോഭിതരാകുമ്പോൾ.

വിധിതന്ന ഇത്തിരി നേരത്തിൽ,
ലോകത്തിനാനന്ദം നൽകുന്നു,
വരദാനം കിട്ടിയ സൗന്ദര്യത്തിൽ;
പുളകിതമാകുന്നു ഈ ഭൂമിയും.

കൃത്യമാം നേരത്ത് എത്തുമ്പോൾ,
കാണുന്നു നിഷ്ഠ ഞാൻ ജീവിതത്തിൽ,
കർമ്മമാണുൽകൃഷ്ടം എന്നു ചൊല്ലി,
തൊഴുതു വണങ്ങി പിരിയുന്നു.

വേഗനേ കൊഴിഞ്ഞു വീഴുമ്പോൾ,
കരളിൽ വിരഹമോ, വേദനയോ?
പ്രകൃതിയും, മനുഷ്യനും ഒന്നുപോലെ,
ദൈവത്തിൻ കൈയ്യിലെ കളിപ്പാട്ടങ്ങൾ.